(കവിത)

# കാലം

ഇത്തിരിവെട്ടം തെളീക്കാൻ കഴിയുന്നോ-
രൊത്തിരീയന്ധകാരം നിറച്ച-
തിനുള്ളിലൊരുകാലം തീരാത്ത
വൻചുഴിയിൽ നിന്നുതിർന്നു-
പൊന്തുന്നു കരാള ഹസ്തങ്ങളായ്.
കനവെന്തോ കനിവെന്തോന്നറിയാതെ
കരിമൂടിയിട്ടുസ്വയം നടക്കുന്നു.
ആരുടെതായാലും എന്തുതന്നായാലും
വാരിക്കൂട്ടിതൻ കീശവീർപ്പിക്കുന്നു.
നിയമം സ്വയം തീർക്കുന്നു
തീർത്തവ മാറ്റിമറിക്കുന്നു,
തകൃതിയിലെൻ കരത്തിലാക്കുന്നു
പഴയകാലത്തിനോർമ്മതൻ
താളുകൾ വീണ്ടും മറിയുമ്പോൾ
കയ്യൂക്കുള്ളവൻ കാര്യക്കാരനാകുന്നു
നൂറ്റാണ്ടുമാത്രമേ മാറിയുള്ളൂ
ലോകമേയീകാണുന്നതെന്താണ്?
കണ്ടിരിക്കാനാകില്ലയെൻ സിരകളിൽ
തിളച്ചുയരുന്നു ചുടുരക്തം.